

# റവ. ഫാ. പോൾ മണക്കാട്ടുമറ്റം

ബഹു. മണക്കാട്ടുമറ്റം പോളച്ചൻ പാലാ രൂപതയിലെ രാമപുരം ഇടവകയിലെ മണക്കാട്ടുമറ്റം അലക്സാണ്ടർ - മേരി ദമ്പതികളുടെ രണ്ടാമത്തെ മകനായി 1936 ഫെബ്രുവരി മാസം 13 ന് ജനിച്ചു. (ഇപ്പോൾ കുറുഞ്ഞി ഇടവക). ആളുകൾ അദ്ദേഹത്തെ പോളച്ചനെന്നും പൈലോച്ചനെന്നും വിളിച്ചു. രാമപുരം നോർത്ത് എൽ. പി. സ്കൂൾ, സെന്റ് അഗസ്റ്റ്യൻ ഹൈസ്കൂൾ രാമപുരം എന്നീ വിദ്യാലയങ്ങളിൽ നിന്നും പ്രാഥമിക പഠനം പൂർത്തിയാക്കിയ ശേഷം പോളച്ചൻ വൈദിക പഠനത്തിനായി സെമിനാരിയിൽ ചേർന്നു. വൈദിക പരിശീലനം പൂർത്തിയാക്കിയ അദ്ദേഹം 1966 ജനുവരി മാസം 8 ന് തലശ്ശേരിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും പൗരോഹിത്യ പട്ടം സ്വീകരിച്ചു. അച്ചന്റെ കുടുംബം ദൈവവിളികളാൽ അനുഗ്രഹീതമാണ്. 9 അംഗങ്ങളുള്ള അച്ചന്റെ കുടുംബത്തിൽ നിന്ന് പോളച്ചനെ കൂടാതെ അച്ചന്റെ സഹോദരങ്ങളായ ഫാ. അലക്സ്, ബ്രദർ ജോസഫ് സി.എം.എസ്.എഫ്, സി.ഗ്രാസിയ എം.എസ്.എ, സി. ബർത്തില്ല എം.എസ്.എ, സി. അഗത്ത എസ്. എച്ച്, സി. ജോവിറ്റ എസ്. എച്ച്, എന്നിവരും സമർപ്പിത ജീവിതം നയിക്കുന്നവരാണ്.

വൈദികപട്ടം സ്വീകരിച്ച ഉടനെ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറിയായും തുടർന്ന് മാനന്തവാടിയിലുള്ള സെന്റ് തോമസ് മൗണ്ട്, മാനന്തവാടി എസ്റ്റേറ്റ് എന്നിവിടങ്ങളിലെ മാനേജരായും സേവനം ചെയ്തു. പിന്നീട് 1973 – ൽ മാനന്തവാടി രൂപതാ സ്ഥാപിതമായപ്പോൾ അച്ചൻ മാനന്തവാടി രൂപതയിൽ ചേർന്നു. ഒരു വർഷം തോണിച്ചാൽ ഇടവകയുടെ വികാരിയായി സേവനം ചെയ്ത ശേഷം തുടർന്നുള്ള തന്റെ സേവന കാലം മുഴുവനും കാട്ടിക്കുളത്തുള്ള വുഡ്‌ലാന്റ്സ് എസ്റ്റേറ്റ് മാനേജരായി നിശ്ശബ്ദസേവനം തുടരുകയായിരുന്നു ബഹു. പോളച്ചൻ. ഇതിനിടയിൽ 1974 ആഗസ്റ്റ് മാസം 1 - aM തീയതി മുതൽ കാട്ടിക്കുളം ഇടവകയുടെ വികാരിയായി. കാട്ടിക്കുളം പ്രദേശത്തെ മുഴുവൻ വിശ്വാസികളുടേയും ആത്മീയ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നത് അച്ചനായിരുന്നു. ഇതിന്റെ ഭാഗമായി ആ പ്രദേശത്തുള്ള പനവല്ലി, അപ്പപ്പാറ, ബാവലി, എടയൂർകുന്ന് എന്നീ ഇടവകകൾ സ്ഥാപിച്ചതും അച്ചനാണ്. 2006 – ൽ വിയാനിഭവനിൽ വിശ്രമജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതുവരെയും വുഡ്‌ലാന്റ് എസ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോയത് ബഹു. പോളച്ചനായിരുന്നു. സഭാധികാരികളോട് എന്നും വിധേയത്വം പുലർത്തുകയും ഏൽപ്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും തികഞ്ഞ ആത്മാർത്ഥതയോടെ നിർവ്വഹിക്കുകയും ചെയ്ത അനുകരണീയനായ ആത്മീയ ഗുരുവായിരുന്നു ബഹു. പോളച്ചൻ. രോഗാവസ്ഥയിൽ വിയാനിഭവനിൽ കഴിഞ്ഞിരുന്ന ബഹുമാനപ്പെട്ട അച്ചൻ ഇന്നു (08/04/2015) രാവിലെ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. അച്ചന്റെ ശവസംസ്കാരശുശ്രൂഷകൾ നാളെ (ഏപ്രിൽ 9) ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നതാണ്.